# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 499 – 29/10/2019 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ സാമ്പത്തിക ആവശ്യങ്ങളിന്മേലുള്ള കേന്ദ്ര നിലപാട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. സജി ചെറിയാൻ<br>ശ്രീ. യു. ആർ. പ്രദീപ് | ഡോ. ടി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ദേശീയ സമ്പദ്ഘടനയുടെ വികസനത്തേക്കാൾ കോർപ്പറേറ്റ് താത്പര്യങ്ങൾക്ക് മുൻഗണന നൽകുന്നതും തൊഴിലില്ലായ്മയും കാർഷിക പ്രതിസന്ധിയും രൂക്ഷമാക്കുന്നതുമായ കേന്ദ്ര ബജറ്റ് സംസ്ഥാനങ്ങളുടെ സാമ്പത്തിക വ്യവസ്ഥക്കേൽപിക്കുന്ന ആഘാതം കുറയ്ക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | കേന്ദ്ര സർക്കാർ നയം കാരണം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഉണ്ടായിട്ടുള്ള ആഘാതം കുറയ്ക്കുന്നതിനായി 2019-20 ബജറ്റിൽ സ്വയം തൊഴിൽ സൃഷ്ടിക്കുന്നതിനും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും വ്യവസായ മേഖലയുടെ ഉത്തേജനത്തിനായി കോർപ്പറേറ്റ് നിക്ഷേപം ആകർഷിക്കുന്നതിനും ആവശ്യമായ ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ, പശ്ചാത്തല മേഖലയിൽ വൻകുതിപ്പ് ലക്ഷ്യമിട്ടുകൊണ്ട് 45,619.10 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് ഇതിനോടകം കിഫ്ബി വഴി അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രളയ ദുരന്തത്തിൽ തകർന്ന സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിനായുള്ള ധനസഹായ അഭ്യർത്ഥന പരിഗണിക്കാതെ കേന്ദ്ര ബജറ്റ് കേരളത്തെ പൂർണമായി അവഗണിച്ച സാഹചര്യമുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | പ്രളയത്തെ തുടർന്ന് ദേശീയ ദുരന്ത പ്രതികരണനിധി മാനദണ്ഡമനുസരിച്ച് 5616 കോടി രൂപയുടെ പുനരധിവാസ ധനസഹായം ആവശ്യപ്പെട്ടിരുന്നു. ഇതു കൂടാതെ പ്രത്യേക ധനസഹായമായി 5000 കോടി രൂപയുടെ പാക്കേജും ആവശ്യപ്പെട്ടിരുന്നു. ദേശീയ ദുരന്ത പ്രതികരണനിധിയിൽ നിന്ന് 2904.85 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രളയാനന്തര പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ലോകബാങ്ക്, ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക്, |

| | | |
|---|---|---|
| | | KfW എന്നീ വിദേശ സഹായ ഏജൻസികളിൽ നിന്ന് വായ്പ സമാഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. ഇതിന്റെ ഭാഗമായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. ജർമൻ ബാങ്കായ KfW-ൽ നിന്നുള്ള വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കരാർ ഒപ്പിടുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (സി) | കടമെടുക്കുന്നതിനുള്ള പരിധി ഉയർത്തണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം സംബന്ധിച്ച് കേന്ദ്ര സർക്കാർ സമീപനം എന്താണെന്ന് അറിയിക്കാമോ? | സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP യുടെ 4.5% ശതമാനമായി ഉയർത്തണമെന്നും ലോകബാങ്ക് മുതലായ വിദേശ സഹായ ഏജൻസികളിൽ നിന്നെടുക്കുന്ന വായ്പകൾ കടമെടുപ്പ് പരിധിക്ക് പുറമേ അനുവദിക്കണമെന്നും ഈ വായ്പകൾ അടുത്ത 2 വർഷത്തേയ്ക്ക് കടമെടുപ്പ് പരിധിയുടെ പുറത്തായി നിർത്തണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**